15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1495 — 19-06-2024 - ൽ മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളിലെ സൗജന്യ യൂണിഫോം വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള 2024-25 അധ്യയന വർഷത്തെ സൗജന്യ യൂണിഫോം വിതരണം പൂർത്തിയായോ എന്ന വിവരം ലഭ്യമാക്കാമോ; | (എ) | 2024-25 അധ്യയന വർഷത്തെ കൈത്തറി യൂണിഫോം വിതരണം അവസാനഘട്ടത്തിലാണ്. കൈത്തറി യൂണിഫോം ലഭിക്കാത്ത കുട്ടികൾക്കുള്ള അലവൻസ് തുക, ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്. |
| (ബി) | സൗജന്യ യൂണിഫോം വിതരണം പൂർത്തിയാകാത്ത ഇടങ്ങളിൽ ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കൈത്തറി യൂണിഫോം വിതരണത്തിന്റെ പുരോഗതി പൊതുവിദ്യാഭ്യാസ വകുപ്പ് കൃത്യമായി വിലയിരുത്തി ആയതിന്റെ റിപ്പോർട്ട് എല്ലാ ദിവസവും സർക്കാരിലേക്ക് നൽകുന്നുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈത്തറി വകുപ്പുമായി ബന്ധപ്പെട്ട് വിതരണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ സർക്കാർ തലത്തിലും വകുപ്പുതലത്തിലും നല്കുകയും ചെയ്യുന്നുണ്ട്. |
| (സി) | കഴിഞ്ഞ വർഷത്തെ സൗജന്യയൂണിഫോം വിതരണം പൂർത്തീകരിക്കപ്പെട്ടോ എന്ന വിവരം ലഭ്യമാക്കാമോ; | (സി) | സൗജന്യ യൂണിഫോം പദ്ധതി രണ്ട് വിധത്തിലാണ് നടപ്പിലാക്കുന്നത്. എൽ.പി, യു.പി സർക്കാർ സ്കൂളുകൾക്കും എൽ.പി വിഭാഗം എയ്ഡഡ് സ്കൂളുകൾക്കും കൈത്തറി യൂണിഫോമും സർക്കാർ ഹൈസ്കൂളുകളിലെ ഒന്ന് മുതൽ എട്ട് വരെയുള്ള എ.പി.എൽ വിഭാഗം ആൺകുട്ടികൾക്കും യു.പി , എച്ച്.എസ് എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതൽ എട്ട് വരെയുള്ള മുഴുവൻ കുട്ടികൾക്കും യൂണിഫോം അലവൻസും നൽകി വരുന്നു. കഴിഞ്ഞ അധ്യയന വർഷം (2023-24) കൈത്തറി യൂണിഫോം പൂർണമായും വിതരണം ചെയ്തിട്ടുണ്ട്.<br><br>1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് 2023 – 24 അധ്യയന വർഷത്തെ യൂണിഫോം അലവൻസ് അനുവദിച്ചിട്ടുണ്ട്. 6 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് യൂണിഫോം അലവൻസ് അനുവദിക്കുന്ന വിഷയം പരിഗണനയിലാണ്. |
| (ഡി) | ഇല്ലെങ്കിൽ ഈ വർഷം വിതരണം ചെയ്യാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | സൗജന്യ യൂണിഫോം പദ്ധതി രണ്ട് വിധത്തിലാണ് നടപ്പിലാക്കുന്നത്. എൽ.പി, യു.പി സർക്കാർ |

| | | | |
|---|---|---|---|
| | | | സ്കൂളുകൾക്കും എൽ.പി വിഭാഗം എയ്ഡഡ് സ്കൂളുകൾക്കും കൈത്തറി യൂണിഫോമും സർക്കാർ ഹൈസ്കൂളുകളിലെ ഒന്ന് മുതൽ എട്ട് വരെയുള്ള എ.പി.എൽ വിഭാഗം ആൺകുട്ടികൾക്കും യു.പി , എച്ച്.എസ് എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതൽ എട്ട് വരെയുള്ള മുഴുവൻ കുട്ടികൾക്കും യൂണിഫോം അലവൻസും നൽകി വരുന്നു. കഴിഞ്ഞ അധ്യയന വർഷം (2023-24) കൈത്തറി യൂണിഫോം പൂർണമായും വിതരണം ചെയ്തിട്ടുണ്ട്.<br><br>1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് 2023 – 24 അധ്യയന വർഷത്തെ യൂണിഫോം അലവൻസ് അനുവദിച്ചിട്ടുണ്ട്. 6 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് യൂണിഫോം അലവൻസ് അനുവദിക്കുന്ന വിഷയം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ